വയനാട്	–	1
കോഴിക്കോട്	–	48
മലപ്പുറം	–	1
പത്തനംതിട്ട	–	1
കൊല്ലം	–	3
തിരുവനന്തപുരം	–	3
ആകെ	–	123

(ഡി) നിലവിലുള്ള ചട്ടങ്ങൾ അനുശാസിക്കും വിധം ഈ വിഭാഗത്തിൽപ്പെട്ട അദ്ധ്യാപകരുടെ പ്രശ്നങ്ങൾ പരിശോധിച്ച് എത്രയും വേഗം തീർപ്പാക്കുന്നതാണ്.

(ഇ) ഇത് സംബന്ധിച്ച വിവരം ശേഖരിച്ച് വരുന്നു.

സ്കൂളുകളിലെ ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടി

99 (3658) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എൽ.പി., യു.പി., ഹൈസ്കൂൾ, ഹയർ സെക്കണ്ടറി സ്കൂളുകളിൽ എത്ര അദ്ധ്യാപകരുടെ ഒഴിവുണ്ടെന്ന് പ്രത്യേകം പ്രത്യേകം വിശദമാക്കുമോ ;

(ബി) ഈ ഒഴിവുകൾ നികത്തുവാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) കഴിഞ്ഞ വർഷം സ്കൂളുകൾ തുറന്ന് മാസങ്ങൾ കഴിഞ്ഞിട്ടും വേണ്ടത്ര അദ്ധ്യാപകരെ നിയമിക്കുവാൻ കഴിഞ്ഞില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ വർഷം ആദ്യടേമിൽ തന്നെ ഒഴിവുകൾ പൂർണ്ണമായും നികത്താൻ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) എൽ.പി./യു.പി. സ്കൂളുകളിൽ 2589-ഉം ഹൈസ്കൂളുകളിൽ 1218-ഉം ഹയർ സെക്കണ്ടറി സ്കൂളുകളിൽ 5319-ഉം ഒഴിവുകൾ ഉണ്ട്.

(ബി) എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിൽ ഒഴിവുകൾ നികത്താൻ നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഹയർ സെക്കണ്ടറിയിൽ 75% ഒഴിവുകളിൽ പി.എസ്.സി. വഴിയുള്ള നിയമനത്തിന് ടെസ്റ്റ് നടത്തിക്കഴിഞ്ഞു. ബാക്കി 25% ഒഴിവുകളിൽ യോഗ്യതയുള്ള 910 അദ്ധ്യാപകരെ ജൂലായ് മാസം ആദ്യവാരത്തിൽ തന്നെ നിയമിച്ചു. ബാക്കിയുള്ള 420 ഒഴിവുകളിൽ നിയമിക്കുന്നതിന് യോഗ്യതയുള്ള അദ്ധ്യാപകർ ഇപ്പോൾ ലിസ്റ്റിൽ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഉണ്ട്.

(ഡി) നിയമാനുസൃത നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

യുവജന പാർലമെന്റ് സ്കീം

100 (3659) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്കൂൾ കോളേജ് തലങ്ങളിലുള്ള നിർദ്ദിഷ്ട യുവജന പാർലമെന്റ് സ്കീമിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത സ്കീമിന്റെ ഘടനയും ലക്ഷ്യവും വ്യക്തമാക്കുമോ ;

(സി) ഈ സ്കീം നടപ്പിലാക്കുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് സ്കൂൾ-കോളേജ് തലങ്ങളിൽ ഇതിനകം ഒരുക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ ;

(ഡി) ഈ സ്കീം നടപ്പിലാക്കുന്നതിന് തൽവർഷം നീക്കിവെച്ചിട്ടുള്ള തുക എത്രയാണ് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്തെ മുഴുവൻ സ്കൂളുകളെയും കോളേജുകളെയും പ്രസ്തുത സ്കീമിന്റെ പരിധിയിൽ കൊണ്ടുവന്നിട്ടുണ്ടോയെന്നതിനെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-ഇ) യുവജന പാർലമെന്റ് സ്കീം സ്കൂളുകളിൽ പ്രവർത്തിക്കുന്നില്ല. കോളേജുകളെ സംബന്ധിച്ച വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് ഫീസ്

101 (3660) ശ്രീ. തോമസ് ഉണ്ണിയാടൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. സ്റ്റീഫൻ ജോർജ് :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ തെറ്റുകൾ തിരുത്തുന്നതിന് ഈടാക്കുന്ന ഫീസ് എത്രയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) പരീക്ഷാ ഭവനിൽ നിന്നും സംഭവിക്കുന്ന സർട്ടിഫിക്കറ്റിലെ തെറ്റുകൾ തിരുത്തുന്നതിനും പ്രസ്തുത ഫീസ് ഈടാക്കുന്നുണ്ടെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഇത് നിർത്തലാക്കുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly